റൂട്ടിൽ 15 മുതൽ 45 വരെ ഇടവിട്ടും നെടുമങ്ങാട്-പാലോട് റൂട്ടിൽ 5 മുതൽ 15 മിനിറ്റ് വരെ ഇടവിട്ടും സർവ്വീസുകൾ നടത്തുന്നുണ്ട്. രാത്രി ഒൻപതു മണിക്കു ശേഷം തിരുവനന്തപുരം-വെള്ളനാട് റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നില്ല.

(ബി) 1. തിരുവനന്തപുരം-വിഴിഞ്ഞം-10 സർവ്വീസ്

2. തിരുവനന്തപുരം-കാട്ടാക്കട-8 സർവ്വീസ്

3. തിരുവനന്തപുരം-നെടുമങ്ങാട് 7 സർവ്വീസ്

4. തിരുവനന്തപുരം-പാലോട് 5 സർവ്വീസ്

(സി) വിവരം ശേഖരിച്ച് മറുപടി സമർപ്പിക്കുന്നതാണ്.

(ഡി) രാത്രികാല സർവ്വീസുകളുടെ റദ്ദാക്കൽ കുറയ്ക്കാൻ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

64 (2624) പുതിയ ബസ്സ് സ്റ്റേഷനുകൾ

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എസ്. ആർ.ടി.സി. പുതുതായി എവിടെയെല്ലാം ബസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) നിലിവിലുണ്ടായിരുന്ന ഓപ്പറേറ്റിംഗ് സെന്ററുകൾ എത്രഎണ്ണം എ.ടി.ഒ. ഓഫീസായി ഉയർത്തിയിട്ടുണ്ട്;

(സി) കെ.എസ്.ആർ.ടി.സി. പുറത്തിറക്കുന്ന പുതിയ ബസ്സുകൾ ഓരോ സ്റ്റേഷനിലേയ്ക്കും അനുവദിക്കുന്നതിന് നിലവിൽ എന്തെങ്കിലും മാന ദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എസ്. ആർ.ടി.സി.താഴെപ്പറയുന്ന സ്ഥലങ്ങളിൽ ബസ്സ് സ്റ്റേഷനുകൾ തുടങ്ങിയിട്ടുണ്ട്.

1. കണിയാപുരം
2. എടത്വാ
3. തൊട്ടിൽപ്പാലം
4. എരുമേലി
5. മല്ലപ്പള്ളി
6. വടകര
7. വെള്ളറട
8. ചാത്തന്നൂർ

(ബി) നിലവിലുണ്ടായിരുന്ന ഓപ്പറേറ്റിംഗ് സെന്ററുകളിൽ ഒന്നും തന്നെ എ.ടി.ഒ. ഓഫീസായി ഉയർത്തിയിട്ടില്ല.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനും പഴയവ നിരത്തിൽനിന്ന് പിൻവലിക്കുന്നതിനുമാണ് പുതിയ വാഹനങ്ങൾ അനുവദിക്കുന്നത്.

65 (2625) പന്തളം ഓപ്പറേറ്റിംഗ് സെന്ററിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. പി.കെ കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ കെ.എസ്.ആർ.ടി.സി ബസ്സ് സ്റ്റേഷന്റെയും സംരക്ഷണ വികസന പ്രവർത്തനങ്ങൾക്ക് ഗവൺമെന്റും മാനേജുമെന്റും ഓരോ വർഷവും എന്തു തുക വീതം ചെലവഴിക്കാറുണ്ട്;

(ബി) പന്തളം ഓപ്പറേറ്റിംഗ് സെന്ററിന് കഴിഞ്ഞ മൂന്നു വർഷക്കാലമായി ഇത്തരത്തിൽ എത്രമാത്രം തുക ചെലവഴിച്ചു;

(സി) പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ യാത്രക്കാർക്കോ ജീവനക്കാർക്കോ പ്രാഥമിക ആവശ്യം നിറവേറ്റുവാനും ശുദ്ധജലം ലഭിക്കുവാനുള്ള സൗകര്യം ഇല്ലെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള മുൻഗണനാ ക്രമത്തിലും സാമ്പത്തിക ലഭ്യതയ്ക്കനുസൃതമായും വികസന പ്രവർത്തനങ്ങൾ ചെയ്യുകയാണ് പതിവ്.

(ബി) 34,951/രൂപ ചെലവാക്കിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ശുദ്ധജലം ലഭ്യമാക്കുന്നതിനായി ബസ്സ് സ്റ്റേഷൻ പരിസരത്ത് ഒരു കിണർ കുഴിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ യൂണിറ്റ് ഓഫീസർക്ക് അനുവാദം കൊടുത്തിട്ടുണ്ട്. ടോയിലറ്റ് നിർമ്മിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാമ്പത്തിക ലഭ്യത അനുസൃതമായി പ്രസ്തുത പണികൾ പൂർത്തിയാക്കുന്നതാണ്.

66 (2626) കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് ആരംഭിക്കാൻ നടപടി

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ നിയോജകമണ്ഡലത്തിലെ കോട്ടുവള്ളിയിൽ നിന്നും കോട്ടയിൽ കോവിലകത്തുനിന്നും കെ.എസ്.ആർ.ടി.സി സൂപ്പർ ഫാസ്റ്റ്/എക്സ്പ്രസ് ബസ്സ് സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ദക്ഷിണ മൂകാംബിക എന്നറിയപ്പെടുന്ന പറവൂർ-മൂകാംബിക ക്ഷേത്രവും വടക്കൻ മൂകാംബിക ക്ഷേത്രവും തമ്മിൽ ബന്ധപ്പെടുത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly